പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 387 07/01/2014- ൽ മറുപടിക്ക്

# പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ കല്യാട് ഗ്രാമപഞ്ചായത്തിലെ പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ഏകദേശം 7 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| (ബി) | പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിക്കായി 2012-2013, 2013-2014 എന്നീ വർഷങ്ങളിൽ എത്ര തുക വീതം വകയിരുത്തുകയുണ്ടായി; | (ബി) | 2012- 13 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2013- 14 വർഷത്തെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരു ത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിച്ച്, എപ്പോൾ പൂർത്തീ കരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പദ്ധതിക്കുള്ള ഭരണാനുമതി സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. പദ്ധതിക്കാവശ്യമായ ഭൂമി ജലസേചന വകുപ്പിൽ നിന്നും കിട്ടേണ്ടതുണ്ട്. ഇതിനു ശേഷം ഇ- ടെണ്ടർ വിളിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. നിർമ്മാണം തുടങ്ങി രണ്ട് കൊല്ലം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുവൻ തയ്യാറാക്കിയിട്ടുള്ള വർക്ക് ഷെഡ്യൂൾ എങ്ങനെയാണെന്നു വ്യക്തമാക്കുമോ? | (ഡി) | സ്ഥലം കൈമാറ്റം ചെയ്യുന്നതിനും ദർഘാസ് വിളിക്കുന്നതിനും കരാർ നൽകുന്നതിനുമായി 4 മാസവും ബാക്കി 20 മാസക്കാലം കൊണ്ട് |

(....2)

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാനുമാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ